## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3985** **21.06.2019-ൽ മറുപടിക്ക്**

## പ്രളയാനന്തരം ടൂറിസം മേഖല നേരിട്ട പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി. പി. സജീന്ദ്രൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) പ്രളയാനന്തരം ടൂറിസം മേഖല നേരിട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) പ്രളയാനന്തരം ടൂറിസം മേഖല നേരിട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ നടത്തിയ ഇടപെടലുകൾ പൂർണ്ണമായും ഫലപ്രാപ്തി കൈവരിച്ചിട്ടുണ്ട്. പ്രളയാനന്തരം ടൂറിസം മേഖലയുടെ തിരിച്ചു വരവിനായി ടൂറിസം വകുപ്പ് മികച്ച നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. 'Its Time for Kerala' എന്ന ക്യാമ്പയിൻ വഴി കേരളം പ്രളയത്തെ അതിജീവിച്ചു എന്ന സന്ദേശം നൽകാനായി. മികച്ച മാർക്കറ്റിംഗ് വിപണന തന്ത്രം വഴി രാജ്യത്തെ പ്രമുഖ എയർ പോർട്ടുകൾ, പ്രിന്റ് മീഡിയകൾ, ടെലിവിഷൻ ചാനലുകൾ, റേഡിയോ, മാളുകൾ, സിനിമാ തീയേറ്ററുകൾ എന്നിവ കേന്ദ്രീകരിച്ചാണ് 'Post Flood Campaign' എന്ന രീതിയിൽ പ്രചരണം നടത്തിയത്. ഡിജിറ്റൽ/സോഷ്യൽ മീഡിയ വഴിയും പ്രളയം സൃഷ്ടിച്ച ആഘാതം മറി കടക്കാൻ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. 2018 സെപ്റ്റംബർ മുതൽ ടൂറിസം വകുപ്പ് സംഘടിപ്പിച്ച നാഷണൽ/ഇന്റർനാഷണൽ B2B മീറ്റുകളിലും പ്രധാനപ്പെട്ട ട്രേഡ് ഫെയറുകളിലും മറ്റും വകുപ്പ് പങ്കെടുക്കുകയും പ്രളയം കേരള വിനോദസഞ്ചാര മേഖലയിൽ സൃഷ്ടിച്ച പ്രതിസന്ധി മറികടക്കാനായി എന്ന തരത്തിൽ പ്രചരണം നടത്തി ടൂറിസം |

സംരംഭകരേയും വിനോദസഞ്ചാരികളെയും ബോധ്യപ്പെടുത്തുക യുണ്ടായി. പ്രധാന വിനോദസഞ്ചാര മേഖലകളായ മൂന്നാർ, ഇടുക്കി, വയനാട് എന്നിവിടങ്ങളിൽ തകർന്ന റോഡുകളും മറ്റും യുദ്ധകാലാടിസ്ഥാനത്തിൽ പുന:സൃഷ്ടിച്ചും പ്രതിസന്ധി മറികടക്കുക യുണ്ടായി.

പ്രളയത്തിന് ശേഷം ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹൃദ പരമായി വകുപ്പിന്റെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. പ്രളയക്കെടുതി മൂലം തകരാറിലായ വയനാട് ജില്ലയിലെ വിവിധ ടൂറിസം കേന്ദ്രങ്ങളുടെ പുനർ നിർമ്മാണം - 2,09,20,000/- രൂപ
2. പുനലൂർ ബാത്തിംഗ് ഗാട്ട് - 77,00,000/-രൂപ
3. മൺട്രോ തുരുത്ത്, അഡ്വഞ്ചർ പാർക്ക്, കണ്ണേറ്റി ബോട്ട് ടെർമിനൽ & ബോട്ട് ടെർമിനൽ അറ്റ് കൊല്ലം - 9,94,446/-രൂപ
4. വെള്ളിയാങ്കൽ ഹെറിറ്റേജ് പാർക്ക് - 43,22,030/-രൂപ
5. റീ കൺസ്ട്രക്ഷൻ ഓഫ് ഡാമേജ്ഡ് റീറ്റെയിനിംഗ് വാൾ അറ്റ് മുതിരപ്പുഴ – 74,00,000/-രൂപ
6. ആലുവ ഗസ്റ്റ് ഹൗസ് അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് - 46,00,000/-രൂപ
7. പത്തനംതിട്ട ഗസ്റ്റ് ഹൗസിൽ അടിയന്തര വൃത്തിയാക്കലിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും - 4,00,000/-രൂപ
8. പത്തനംതിട്ട ഗസ്റ്റ് ഹൗസിൽ ഫയർ എക്സ്റ്റിംഗ്യുഷർ സ്ഥാപിക്കുന്നതിന് - 1,02,188/-രൂപ
9. പത്തനംതിട്ട ഗസ്റ്റ് ഹൗസിൽ നവീകരണ പ്രവൃത്തികൾ ചെയ്യുന്നതിന് - 92,50,000/-രൂപ

| | |
|---|---|
| ബി) പ്രസ്തുത മേഖലയ്ക്കുണ്ടായ നഷ്ടം നികത്തുന്നതിന് സർക്കാർ എന്തെങ്കിലും സഹായം നൽകി യിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) ടൂറിസം മേഖലയ്ക്കുണ്ടായ നഷ്ടം നികത്തുന്നതിന് 9 പദ്ധതി കൾക്കായി 5.56 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| സി) വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടോ; | സി) പ്രളയം സംഭവിച്ച 2018 ആഗസ്റ്റ് മുതൽ 2019 മാർച്ച് വരെയുള്ള സ്ഥിതിവിവരക്കണക്ക് പരിശോധിക്കുമ്പോൾ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 2018 ഡിസംബർ മാസം മാത്രമാണ് വർദ്ധനവ് ഉണ്ടായിട്ടുള്ളത്. എന്നാൽ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 2018 ഡിസംബർ മുതൽ തുടർച്ച യായി വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| ഡി) പ്രളയം കൂടുതൽ നാശനഷ്ടം വിതച്ച എറണാകുളം, ആലപ്പുഴ, ഇടുക്കി ജില്ലകളിലെ ടൂറിസം മേഖലയെ തിരിച്ചുവരവിന്റെ പാത യിൽ എത്തിക്കുന്നതിന് ഇതിനകം നടപ്പിലാ ക്കിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | ഡി) ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ അറ്റകുറ്റപ്പണികൾ സമയബന്ധിത മായി പൂർത്തിയായി കഴിഞ്ഞു. അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തി വരുന്നു. വിപുലമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ